# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 5497.

18.11.2019 ൽ
മറുപടിക്ക്

### പോലീസിൽ ക്യാംപ് ഫോളോവേഴ്സിന് നൽകിയിട്ടുള്ള ചുമതലകൾ

| ചോദ്യം<br>ശ്രീമതി.പി. അയിഷാ പോറ്റി | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|---|
| (എ) പോലീസിൽ ക്യാമ്പ് ഫോളോവേഴ്സിന് നൽകിയിട്ടുള്ള ചുമതലകൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ ; | (എ) | അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) ക്യാമ്പ് ഫോളോവേഴ്സിനെ ഉന്നത പോലീസ് ഉദ്യോഗസ്ഥരുടെ വീട്ടുജോലിക്ക് നിയോഗിക്കുന്ന സ്ഥിതി വിശേഷം ഒഴിവാക്കാൻ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; | (ബി) | ക്യാമ്പ് ഫോളോവർ തസ്തികകളിലെ ജീവനക്കാരെ ഉന്നത ഉദ്യോഗസ്ഥരുടെ വീട്ടുകളിൽ ജോലിക്കായി നിയോഗിക്കാൻ പാടില്ല എന്ന് കർശന നിർദ്ദേശം നിലവിലുണ്ട്. |
| (സി) ക്യാമ്പ് ഫോളോവേഴ്സിന് കൃത്യമായ സേവനവേതന വ്യവസ്ഥകൾ ഉറപ്പുവരുത്തുന്ന സ്പെഷ്യൽ റൂൾ നടപ്പാക്കണമെന്ന ആവശ്യം സർക്കാരിന്റെ പരിഗണനയിൽ ഉണ്ടോ; ആയത് നടപ്പിലാക്കുന്നതിനായി നടപടികൾ സ്വീകരിക്കുമോ? | (സി) | പോലീസ് വകുപ്പിലെ ക്യാമ്പ് ഫോളോവേഴ്സ് തസ്തിക കേരള ലാസ്റ്റ് ഗ്രേഡ് സർവ്വീസ് വിശേഷാൽ ചട്ടത്തിലുൾപ്പെടുത്തി ഭേദഗതി ചെയ്യുന്ന വിഷയം നിലവിൽ പി.എസ്.സി. യുടെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം.

## ക്യാമ്പ് ഫോളോവർമാരുടെ ചുമതലകൾ

പോലീസ് വകുപ്പിലെ ക്യാമ്പ് ഫോളോവർ വിഭാഗത്തിൽ Cook, Barber, Dhobi, Sweeper, Water Carrier എന്നിവർ ഉൾപ്പെടുന്നു. സേനാംഗങ്ങൾക്ക് രുചികരവും പോഷകസമൃദ്ധവുമായ ഭക്ഷണം പാകം ചെയ്ത് നൽകുന്നതു മുതൽ സേനാംഗങ്ങളുടെ വ്യക്തി ശുചിത്വത്തിനും ക്യാമ്പുകളുടെ ശുചിത്വത്തിനും ഉതകുന്ന തരത്തിലുള്ള സേവനങ്ങളാണ് ക്യാമ്പ് ഫോളോവർമാർ നൽകുന്നത്. സേനയിൽ പ്രധാനമായും Armed Police Camp, Armed Reserve Camp, ബറ്റാലിയനുകൾ, ട്രെയിനിംഗ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിലേക്കായി നിയമിക്കപ്പെടുന്ന ഇവർ കൃത്യനിർവ്വഹണത്തിനായി നിയോഗിക്കപ്പെടുന്ന പോലീസ് സേനാംഗങ്ങളോടൊപ്പം ക്യാമ്പിനു പുറത്ത് മറ്റ് സ്ഥലങ്ങളിലേക്ക് പോകുകയും അവരുടെ കൃത്യനിർവ്വഹണത്തിന് ഉതകുന്ന തരത്തിലുള്ള മികവുറ്റ സേവനങ്ങൾ കാഴ്ച്ചവയ്ക്കുകയും ചെയ്യുന്നു. ഇപ്രകാരം പോലീസ് സേനയുടെ എല്ലാ ചിട്ടകളും പാലിച്ചുകൊണ്ട് ഏത് സാഹചര്യത്തിലും സേനയോടൊപ്പം ആത്മാർത്ഥമായി പ്രവർത്തിക്കുന്ന ക്യാമ്പ് ഫോളോവർമാർ പോലീസ് വകുപ്പിന്റെ അവിഭാജ്യ ഘടകമാണ്.

മറ്റ് സേനാംഗങ്ങളെപ്പോലെതന്നെ ജോലി എന്നതിനേക്കാളുപരിയായി സേവനം എന്ന നിലയിലാകണം ക്യാമ്പ് ഫോളോവർമാർ അവരുടെ ഔദ്യോഗിക ചുമതലകൾ നിർവ്വഹിക്കേണ്ടത്. ഏത് അടിയന്തിര സാഹചര്യത്തിലും അവസരത്തിനൊത്തുയർന്ന് പ്രവർത്തിക്കുവാൻ

അവർക്കും കഴിയണം. വിവിധ പോലീസ് യൂണിറ്റുകളിൽ പ്രവർത്തിയെടുത്തുവരുന്ന ക്യാമ്പ് ഫോളോവർമാരുടെ ഉത്തരവാദിത്തങ്ങൾ ചുവടെ രേഖപ്പെടുത്തുന്നു.

## കുക്ക്

1. സേനാംഗങ്ങൾക്ക് ആവശ്യമായ ഭക്ഷണം തയ്യാറാക്കേണ്ടത് കുക്കുമാരാണ്.
2. പാചകം ചെയ്യുന്ന ആഹാരം സ്വാദിഷ്ടവും സേനാംഗങ്ങളുടെ ആരോഗ്യം കാത്ത് സൂക്ഷിക്കുവാൻ പര്യാപ്തവുമായിരിക്കണം.
3. പാചകപാത്രങ്ങളും, പാചകപ്പുരയും, പരിസരവും വൃത്തിയായി സൂക്ഷിക്കേണ്ട ഉത്തരവാദിത്തം കുക്കുമാരിൽ നിക്ഷിപ്തമാണ്.
4. കുക്കുമാർ ഡ്യൂട്ടിയിലായിരിക്കുന്ന സമയം ഏപ്രൺ, തൊപ്പി, നിർദ്ദിഷ്ട യൂണിഫോം എന്നിവ ധരിച്ചിരിക്കണം.
5. കുക്കുമാരുടെ ഡ്യൂട്ടി സമയം യൂണിറ്റ് മേധാവികൾ അതത് യൂണിറ്റിന്റെ ആവശ്യാനുസരണം ക്രമീകരിച്ച് നൽകേണ്ടതാണ്.
6. പാചക ആവശ്യത്തിനുള്ള സാധനങ്ങൾ, പാത്രങ്ങൾ എന്നിവ ശ്രദ്ധാപൂർവ്വം കൈകാര്യം ചെയ്യേണ്ടതാണ്.
7. പാചക സമയം ഒഴികെയുള്ള അവസരങ്ങളിൽ പാചക വാതക കണക്ഷനുകൾ, ഇലക്ട്രിക് ഉപകരണങ്ങൾ തുടങ്ങിയവ ഓഫ് ചെയ്ത് സുരക്ഷ ഉറപ്പ് വരുത്തേണ്ടതാണ്.
8. പാചകം ചെയ്ത ഭക്ഷ്യ വസ്തുക്കൾ ഈച്ച, പ്രാണി തുടങ്ങിയവ വീഴാതെ മൂടി വയ്ക്കേണ്ടതാണ്. പാചക സമയത്തും, പാചകത്തിനു ശേഷവും മലിനകരമായതോ ആരോഗ്യത്തിന് ദോഷകരമായതോ ആയ വസ്തുക്കൾ ഭക്ഷണത്തിൽ കലരാതെയിരിക്കുവാൻ മുൻകരുതലുകൾ സ്വീകരിക്കേണ്ടതും ആയത് ഉറപ്പു വരുത്തേണ്ടതുമാണ്.
9. പാചകത്തിനായുള്ള ഭക്ഷ്യ വസ്തുക്കൾ കൃത്യഅളവിൽ ഉപയോഗിക്കുവാനും ഭക്ഷ്യവസ്തുക്കൾ പാഴാക്കാതിരിക്കുവാനും ശ്രദ്ധിക്കേണ്ടതാണ്.
10. ആഴ്ചയിലൊരിക്കൽ നഖം മുറിക്കുകയും, കൃത്യമായി മുടി മുറിക്കുകയും, ദൈനംദിന വ്യക്തി ശുചിത്വം പാലിക്കുകയും ചെയ്യണം.

11. മാസത്തിലൊരിക്കലെങ്കിലും വൈദ്യപരിശോധനയ്ക്ക് വിധേയരാകുന്നുണ്ടെന്ന് യൂണിറ്റ് മേധാവി ഉറപ്പ് വരുത്തേണ്ടതാണ്.

## വാട്ടർ കാരിയർ

1. യൂണിറ്റിന്റെ ആവശ്യത്തിന് മതിയായ അളവിൽ ശുദ്ധ ജലം എത്തിക്കേണ്ടത് വാട്ടർ കാരിയർ ആണ്.
2. ഇവർ പാചകം നടക്കുന്ന സമയങ്ങളിൽ കുക്കുമാരെ സഹായിക്കണം.
3. പാത്രങ്ങളും പാചകപ്പുരയും പരിസരവും വൃത്തിയായി സൂക്ഷിക്കുന്നത് ഇവരുടെ കൂടി ഉത്തരവാദിത്തമാണ്.
4. വാട്ടർ കാരിയർമാരുടെ ഡ്യൂട്ടി സമയം യൂണിറ്റ് മേധാവികൾ അതത് യൂണിറ്റിന്റെ ആവശ്യാനുസരണം ക്രമീകരിച്ച് നൽകേണ്ടതാണ്.
5. ഡ്യൂട്ടി സമയം നിഷ്കർഷിച്ചിട്ടുള്ള യൂണിഫോം ധരിക്കണം.
6. ആഴ്ചയിലൊരിക്കൽ നഖം മുറിക്കുകയും, കൃത്യമായി മുടി മുറിക്കുകയും, വ്യക്തി ശുചിത്വം പാലിക്കുകയും ചെയ്യണം.
7. മാസത്തിലൊരിക്കലെങ്കിലും വൈദ്യപരിശോധനയ്ക്ക് വിധേയരാകുന്നുണ്ടെന്ന് യൂണിറ്റ് മേധാവി ഉറപ്പ് വരുത്തേണ്ടതാണ്.

## സ്വീപ്പർ

1. ഡിപ്പാർട്ട്മെൻറ് വക സ്ഥലവും കെട്ടിടങ്ങളും പരിസരവും വൃത്തിയാക്കേണ്ട ചുമതല സ്വീപ്പർമാരിൽ നിക്ഷിപ്തമാണ്. പാചകപ്പുര പരിസരം, ക്യാന്റീൻ, ബാരക്കുകൾ, ശൌചാലയങ്ങൾ തുടങ്ങി അനുബന്ധ കെട്ടിടങ്ങളും പരിസരവും വൃത്തിയായി സൂക്ഷിക്കേണ്ടതും പരിസര ശുചിത്വം ഉറപ്പാക്കേണ്ടതുമാണ്. ആസ്ഥാനത്തും പരിസരത്തും ചപ്പുചവറും അഴുക്കും കെട്ടിക്കിടന്ന് സാംക്രമിക രോഗങ്ങൾ പടർന്ന് പിടിക്കാതിരിക്കുവാൻ മുൻകരുതൽ എടുക്കേണ്ടതാണ്.
2. ഇവർ ഡ്യൂട്ടി സമയം നിഷ്കർഷിച്ചിട്ടുള്ള യൂണിഫോം ധരിച്ചിരിക്കണം.
3. ഓഫീസ് പരിസരത്തെ ഓടകളും ചാലുകളും വൃത്തിയാക്കി കീടനാശിനികൾ തളിച്ച് പരിസരം അണുവിമുക്തമാണെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

~~4. ഓഫീസും പരിസരവും വൃക്ഷത്തൈകൾ വച്ച് പിടിപ്പിച്ച് അവയെ~~ ... ഉത്തരവാദിത്തം സ്വീപ്പർമാരിൽ

4. ഓഫീസും പരിസരവും വൃക്ഷത്തൈകൾ വച്ച് പിടിപ്പിച്ച് അവയെ പരിപാലിച്ച് വളർത്തിയെടുക്കേണ്ട ഉത്തരവാദിത്തം സ്വീപ്പർമാരിൽ നിക്ഷിപ്തമാണ്.

5. ആഴ്ചയിലൊരിക്കൽ നഖം മുറിക്കുകയും, കൃത്യമായി മുടി മുറിക്കുകയും, വ്യക്തി ശുചിത്വം പാലിക്കുകയും ചെയ്യണം.

6. ആറ് മാസത്തിലൊരിക്കലെങ്കിലും വൈദ്യപരിശോധനയ്ക്ക് വിധേയരാകുന്നുണ്ടെന്ന് യൂണിറ്റ് മേധാവി ഉറപ്പ് വരുത്തേണ്ടതാണ്.

## ബാർബർ

1.സേനാ വിഭാഗത്തിലെ മുഴുവൻ ഉദ്യോഗസ്ഥരുടെയും അച്ചടക്കത്തിന്റെ പ്രതിഫലനമാണ് നിഷ്കർഷിച്ചിട്ടുള്ള വിധത്തിലുള്ള ഹെയർ കട്ടിംഗ്. ഇത് നിർവ്വഹിക്കുന്നതിനുള്ള ഉത്തരവാദിത്തം ബാർബർമാരിൽ നിക്ഷിപ്തമാണ്.

2. ഡ്യൂട്ടിക്ക് നിയോഗിക്കപ്പെട്ട വ്യക്തി നിഷ്കർഷിച്ചിട്ടുള്ള യൂണിഫോമിൽ ഹാജരായിരിക്കണം.

3. മുടി മുറിക്കുന്നതിന് ഉപയോഗിക്കുന്ന ഉപകരണങ്ങൾ വൃത്തിയായും ലോഷൻ ഉപയോഗിച്ച് അണുവിമുക്തമാക്കിയും സൂക്ഷിക്കേണ്ടതാണ്.

4. മുടി വെട്ടുന്നതിന് കാലാകാലങ്ങളിൽ ആവശ്യമായ പുതിയ ഉപകരണങ്ങൾ ലഭ്യമാക്കുന്ന കാര്യം അതത് യൂണിറ്റ് മേധാവികളെ അറിയിക്കേണ്ടതാണ്.

5. ആഴ്ചയിലൊരിക്കൽ നഖം മുറിക്കുകയും, കൃത്യമായി മുടി മുറിക്കുകയും, വ്യക്തി ശുചിത്വം പാലിക്കുകയും ചെയ്യണം.

6. ആറ് മാസത്തിലൊരിക്കലെങ്കിലും വൈദ്യപരിശോധനയ്ക്ക് വിധേയരാകുന്നുണ്ടെന്ന് യൂണിറ്റ് മേധാവി ഉറപ്പ് വരുത്തേണ്ടതാണ്.

## ഡോബി

1. വിവിധയിനം യൂണിഫോമുകൾ വൃത്തിയായി കഴുകി നിശ്ചിത സമയത്തിനുള്ളിൽ ഇസ്തിരിയിട്ട് നൽകേണ്ട ഉത്തരവാദിത്തം ഡോബിമാരിൽ നിക്ഷിപ്തമാണ്.
2. ഡ്യൂട്ടിയിലായിരിക്കുന്ന വ്യക്തി നിഷ്കർഷിച്ചിട്ടുള്ള യൂണിഫോമിലാവണം ഹാജരാകേണ്ടത്.
3. ആഴ്ചയിലൊരിക്കൽ നഖം മുറിക്കുകയും, കൃത്യമായി മുടി മുറിക്കുകയും, വ്യക്തി ശുചിത്വം പാലിക്കുകയും ചെയ്യണം.
4. ആറ് മാസത്തിലൊരിക്കലെങ്കിലും വൈദ്യപരിശോധനയ്ക്ക് വിധേയരാകുന്നുണ്ടെന്ന് യൂണിറ്റ് മേധാവി ഉറപ്പ് വരുത്തേണ്ടതാണ്.

മേൽ രേഖപ്പെടുത്തിയിട്ടുള്ള ക്യാമ്പ് ഫോളോവർമാരെ അവരിൽ നിക്ഷിപ്തമായിട്ടുള്ള കൃത്യ നിർവ്വഹണത്തെ ആസ്പദമാക്കി പ്രത്യേക വിഭാഗമായി തിരിച്ചിട്ടുണ്ടെങ്കിലും അത്യാവശ്യ സന്ദർഭങ്ങളിൽ മറ്റ് ജോലികൾക്കും നിയോഗിക്കേണ്ടതായി വരുന്നുണ്ട്. അത്തരം സാഹചര്യങ്ങളിൽ അച്ചടക്ക സായുധ സേനയുടെ അന്തസ്സിന് ചേർന്ന രീതിയിൽ അർപ്പണ മനോഭാവത്തോടെ നിയോഗിക്കപ്പെട്ടിട്ടുള്ള ഉത്തരവാദിത്തം നിർവ്വഹിക്കുവാൻ ക്യാമ്പ് ഫോളോവർമാർ തയ്യാറാകണം. ആസ്ഥാന ഓഫീസിൽ നിന്നും സേനാംഗങ്ങളെ മറ്റ് ആസ്ഥാനങ്ങളിലോ ജില്ലകളിലോ നിയമപരിപാലനം, ഇലക്ഷൻ, സ്റ്റോർകളക്ഷൻ തുടങ്ങിയ മറ്റ് ആവശ്യങ്ങൾക്കോ, പരിശീലനവുമായി ബന്ധപ്പെട്ട് സേനാംഗങ്ങളെ മറ്റ് ജില്ലകളിലെ കേന്ദ്രങ്ങളിൽ നിയോഗിക്കുന്ന അവസരങ്ങളിലും മേൽപ്പറഞ്ഞ സ്ഥലങ്ങളിൽ ക്യാമ്പ് ഫോളോവർമാർ അവരുടെ തസ്തിക നിഷ്കർഷിച്ചിട്ടുള്ള ജോലികൾ കൂടാതെ അപ്പോൾ നിലവിലുള്ള സാഹചര്യങ്ങൾക്കനുസരിച്ചുള്ള മറ്റ് ജോലികളും ചെയ്യുവാൻ ബാധ്യസ്ഥരായിരിക്കും.

ക്യാമ്പ് ഫോളോവർമാർക്ക് മറ്റു സർക്കാർ ഉദ്യോഗസ്ഥരെപ്പോലെതന്നെ 1960-ൽ കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റച്ചട്ടങ്ങൾ

ബാധകമായിരിക്കുന്നതും അച്ചടക്ക സായുധസേനയുടെ ഭാഗമാകയാൽ സേനാംഗങ്ങളെപ്പോലെതന്നെ ചുവടെ രേഖപ്പെടുത്തുന്ന പെരുമാറ്റചട്ടങ്ങളിൽ പ്രത്യേക ശ്രദ്ധ പുലർത്തേണ്ടതുമാണ്.

1. തൻറെ ഔദ്യോഗിക പദവിയിൽ ഉടനീളം ഉന്നത നിലവാരത്തിലുള്ള അച്ചടക്കവും സത്യസന്ധതയും പുലർത്തുവാൻ ബാദ്ധ്യസ്ഥനായിരിക്കും.
2. സർക്കാർ ജോലിക്കാരനായിരിക്കെ സ്വകാര്യജോലിയോ വ്യാപാരമോ ചെയ്യാൻ പാടില്ല.
3. എല്ലാ ക്യാമ്പ് ഫോളോവർമാരും ഡ്യൂട്ടി സമയത്ത് നെയിം പ്ലേറ്റ് ഉൾപ്പെടെ കൃത്യമായ യൂണിഫോം ധരിച്ചിരിക്കണം.
4. ഡ്യൂട്ടിയിലായിരിക്കുമ്പോൾ പുകവലി, മദ്യപാനം, മറ്റു ലഹരി പദാർത്ഥങ്ങൾ എന്നിവ ഉപയോഗിക്കുവാൻ പാടില്ലാത്തതും പൊതുസ്ഥലത്ത് മദ്യപിച്ച് കാണപ്പെടാൻ പാടില്ലാത്തതുമാണ്.
5. മേലുദ്യോഗസ്ഥരുടെ അനുവാദമില്ലാതെ ഡ്യൂട്ടിയിൽ നിന്നും മാറി നിൽക്കരുത്.

ഏതൊരു സേനാംഗത്തേയും പോലെതന്നെ മേൽപ്പറഞ്ഞ കാര്യങ്ങൾ തങ്ങളുടെ ജോലിയും കടമയും ഉത്തരവാദിത്തവുമാണെന്ന ബോധ്യത്തോടെ വേണം ക്യാമ്പ് ഫോളോവർമാർ പ്രവർത്തിക്കേണ്ടത്. യൂണിറ്റ് മേധാവികളും മറ്റ് ഉത്തരവാദപ്പെട്ട മേലുദ്യോഗസ്ഥരും ഇക്കാര്യം ഉറപ്പുവരുത്തുന്നതോടൊപ്പം ക്യാമ്പ് ഫോളോവർമാരുടെ ക്ഷേമവും നിയമപരമായ അവകാശങ്ങളും സംരക്ഷിക്കുന്നതിന് മുൻകൈ എടുക്കേണ്ടതുമാണ്.

*******